# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ -2315 | 12.03.2020 ലെ മറുപടിയ്ക്ക് |
|---|---|
| **പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ.എ.പി. അനിൽ കുമാർ | **എ.കെ ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്; എത്ര വീടുകൾ പണി പൂർത്തീകരിച്ചു ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പ് നേരിട്ട് അനുവദിച്ച 23,971 വീടുകളിൽ 19,086 വീടുകൾ പൂർത്തീകരിച്ചു. ഇതിനു പുറമേ 31.03.2016 ന് സ്പിൽഓവറായി അവശേഷിച്ച 16360 വീടുകളിൽ 9782 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട് . ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ നിർമ്മാണം ആരംഭിച്ച 9299 വീടുകളിൽ 6187 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കുന്ന PMAY പദ്ധതിയിൽ 2150 പുതിയ വീടുകളും പൂർത്തീകരിച്ചു. |
| (ബി) | ലൈഫ് ഭവന പദ്ധതിക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് എത്രപേർക്ക് ഭവന നിർമ്മാണത്തിനുള്ള തുക നൽകിയിട്ടുണ്ട്; ഇതിൽ എത്ര പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച പട്ടികജാതി വിഭാഗക്കാർക്കുള്ള സംസ്ഥാന വിഹിതമായി 2018-19 വർഷം 61.30 കോടി രൂപയും 2019-20 വർഷം 100 കോടിരൂപയും ലൈഫ് ഭവന പദ്ധതിയ്ക്ക് അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 21368 പട്ടികജാതി വിഭാഗക്കാരിൽ, കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ച 9299 വീടുകളിൽ 6187 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ